**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **09-06-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച 108 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയ 108 കോടി രൂപയുടെ പ്രവൃത്തികൾ 6 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു. 1.പാക്കേജ് 1 . വാട്ടർ ട്രീറ്റ് മെൻറ് പ്ലാൻറ്, റോവാട്ടർ പമ്പിങ് മെയിൻ, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ - പുരോഗമിച്ചു വരുന്നു.- 45% പൂർത്തീകരിച്ചു. 2.പാക്കേജ് 2 .ജല സംഭരണികളും, ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തികളും - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 3.പാക്കേജ് 2എ - ജല സംഭരണികളും, ട്രാൻസ് മിഷൻ മെയിൻ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 4.പാക്കേജ് 3എ - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ - പ്രവൃത്തി പുരോഗമിച്ചു വരുന്നു - 63 % പൂർത്തീകരിച്ചു. 5.പാക്കേജ് 3ബി - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ - പ്രവർത്തന ഉത്തരവ് നൽകിയിട്ടുണ്ട്. 6.പാക്കേജ് 3സി - വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ - എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | ഈ പദ്ധതിക്ക് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ പാക്കേജ് 3 എ യിൽ ഉൾപ്പെട്ട വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗത്തിന് ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 40,78,000/- രൂപ അടക്കുവാനുണ്ട്. പ്രസ്തുത തുക അടയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കി റോഡ് കട്ടിങ് പെർമിഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ് . |
| (സി) | നടപടികൾ പൂർത്തിയാക്കി ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ; | (സി) | നിലവിൽ പാക്കേജ് 3 എ യിൽ ഉൾപ്പെട്ട വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത വിഭാഗത്തിന് ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 40,78,000/- രൂപ |

| | | | |
|---|---|---|---|
| | | | അടക്കുവാനുണ്ട്. പ്രസ്തുത തുക അടയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കി റോഡ് കട്ടിങ് പെർമിഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ് . |
| (ഡി) | കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ആറ് ഗ്രാമ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതിക്ക് അനുവദിച്ച 40 കോടി രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്തത് പുന:സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | ഉണ്ട്. കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചീക്കോടും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിക്കുള്ള 40 കോടി രൂപയുടെ ഭരണാനുമതി പുനസ്ഥാപിച്ച് നൽകിയിട്ടുണ്ട്. പ്രസ്‌തുത പ്രവൃത്തി 4 പാക്കേജുകളായി തിരിച്ച് ത്വരിതഗതിയിൽ നടപ്പിലാക്കി വരുന്നു. പാക്കേജ് 1 -ചീക്കോട്, മുതുവല്ലൂർ പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കലും 2000 കുടിവെള്ളകണക്ഷൻ നൽകുന്ന പ്രവൃത്തി - പുരോഗമിച്ചു വരുന്നു. 60% പൂർത്തീകരിച്ചു. പാക്കേജ് 2 വാഴയൂർ, വാഴക്കാട് പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കലും 2000 കുടിവെള്ളകണക്ഷൻ നൽകുന്ന പ്രവൃത്തി - പുരോഗമിച്ചു വരുന്നു. 30% പൂർത്തീകരിച്ചു. പാക്കേജ് 3 പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകളിലെ വിതരണ ശൃംഖല സ്ഥാപിക്കലും 2000 കുടിവെള്ളകണക്ഷൻ നൽകുന്ന പ്രവൃത്തി- പുരോഗമിച്ചു വരുന്നു. 10 % പൂർത്തീകരിച്ചു. പാക്കേജ്4എ - ചീക്കോടും അനുബന്ധ പഞ്ചായ ത്തുകളിലെയും ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്ന പ്രവൃത്തി - പൂർത്തീകരിച്ചു. |
| (ഇ) | പ്രസ്തുത ഭരണാനുമതി പുന:സ്ഥാപിച്ചാലും മേല്പറഞ്ഞ ആറ് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിന് ഇനിയും എത്ര തുക വേണമെന്ന് അറിയിക്കാമോ; ഇതിനു വേണ്ടി ഏതെങ്കിലും പ്രൊപ്പോസലുകൾ സർക്കാർ നൽകിയിട്ടുണ്ടോ; പദ്ധതി പൂർത്തീകരണത്തിന് ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഇ) | ഇപ്പോൾ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ചീക്കോട്, മുതുവല്ലൂർ, വാഴയൂർ, വാഴക്കോട്, പുളിക്കൽ, ചെറുകാവ്, കുഴിമണ്ണ, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കുമായി 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക പദ്ധതി പൂർത്തീകരണത്തിന് പര്യാപ്തമാണ് . ഇതിൽ വാഴയൂർ വാഴക്കോട് പുളിക്കൽ ചെറുകാവ് മുതുവല്ലൂർ ഭാഗികം)എന്നീ പഞ്ചായത്തുകളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.ബാക്കിയുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ